# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 345 — 27/02/2017-ൽ മറുപടിക്ക്

## പൊല്യൂഷൻ കൺട്രോൾ ബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.കെ.സി. മമ്മത് കോയ : | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന് എത്ര ആഫീസുകളുണ്ട്; ഇതിൽ എത്ര ജീവനക്കാരുണ്ട് ; | (എ) | കേരളത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന് നിലവിൽ 20 ആഫീസുകളാണുള്ളത്. എറണാകുളം ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും ഓരോ ജില്ലാ കാര്യാലയം വീതം പ്രവർത്തിച്ചു വരുന്നു. എറണാകുളം ജില്ലയിൽ ബോർഡിന് മൂന്ന് ജില്ലാ കാര്യാലയങ്ങൾ ഉണ്ട്. മേൽപ്പറഞ്ഞ 16 ജില്ലാ ഓഫീസുകൾ കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ മേഖലാ കാര്യാലയങ്ങൾ കൂടി ഉണ്ട്. കൂടാതെ, തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് ബോർഡിന്റെ കേന്ദ്ര കാര്യാലയം പ്രവർത്തിച്ചു വരുന്നു.<br>03.10.2016 ലെ സ.ഉ.(കൈ) നമ്പർ 08/2016/പരി ഉത്തരവ് പ്രകാരം പുതുതായി അനുവദിച്ച 109 അധിക തസ്തികകൾ ഉൾപ്പെടെ നിലവിൽ ബോർഡിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ (Sanctioned Posts) [എഞ്ചിനീയറിംഗ്, സയന്റിഫിക്, അഡ്മിനിസ്ട്രേറ്റീവ് തസ്തികകൾ ഉൾപ്പെടെ] 429 എണ്ണം ആണ്. |

| | | | |
|---|---|---|---|
| (ബി) | പൊല്യൂഷൻ കൺട്രോൾ ബോർഡിൽ പൊതുജനങ്ങൾക്ക് പരാതി നൽകാൻ സംവിധാനങ്ങൾ ഉണ്ടോ ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുമോ ; | (ബി) | മലിനീകരണ നിയന്ത്രണ ബോർഡിൽ പൊതുജനങ്ങൾക്ക് തപാൽ വഴിയോ, നേരിട്ട് കാര്യാലയങ്ങൾ വഴിയോ, ബോർഡിന്റെ വെബ്സൈറ്റ് വഴി ഓൺലൈനായോ പരാതി നൽകുന്നതിന് സൗകര്യമുണ്ട് മൊബൈൽ ആപ്ലിക്കേഷൻ വഴി പരാതികൾ സമർപ്പിക്കുന്നതിനും നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ബോർഡിന് ലഭ്യമാകുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുവാൻ നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്ത മാണോ എന്ന് വ്യക്തമാക്കുമോ ? | (സി) | ബോർഡിലെ ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള പരിമിതി മറികടക്കുന്നതിനായി, സർക്കാർ അനുവദിച്ച അധിക തസ്തികകളിലേക്കുള്ള താത്ക്കാലിക നിയമനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ടി നിയമനം ആകുന്നതോടെ ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ് എന്ന് വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ